# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/03/2024

1. കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ലളിതമായ വ്യവസ്ഥയിൽ മൃഗങ്ങളെ വാങ്ങാൻ വ്യക്തികൾക്കും / ഗ്രൂപ്പുകൾക്കും 3 ലക്ഷം രൂപ വരെ വായ്പനൽകുന്നു. അതതു ബാങ്കിൻ്റെ പലിശ നിരക്ക് ബാധകം. പശു/ ആട്/ കോഴി/ മുയൽ എന്നിവയ്ക്ക് 1,60,000 രൂപ വരെ സെക്യൂരിറ്റി നൽകേണ്ടതില്ല. ഈ തുകയ്ക്കു മുകളിലാണെങ്കിൽ സെക്യൂരിറ്റി വേണം. പരമാവധി 3 ലക്ഷം രൂപ വരെ ലോൺ നൽകും. അപേക്ഷാ ഫോം എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, കരം അടച്ച രസീത് എന്നിവയുടെ കോപ്പികൾ സഹിതം മൃഗാശുപത്രിയിൽ അപേക്ഷ നൽകാം.

2. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് രണ്ടു ടണ്ണിൽ കൂടുതൽ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി ഏപ്രിൽ 12ന് (12/04/2024) പകൽ 11 മണിവരെയാണ്.കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടി

3. ദേശീയ ചെറുധാന്യ ഗവേഷണ സ്ഥാപനവും ni-msme യും സംയുക്തമായി development of millet clusters എന്ന വിഷയത്തിൽ ഒരു സെമിനാർ ഇന്ന് (27.03.2024) സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9908724315, 9492415610 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. റബ്ബർപാൽ വിപണനം, ഷീറ്റുറബ്ബർ സംസ്കരണം എന്നിവ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് 2024 ഇന്ന് (മാർച്ച് 27) ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു ഫോണിലൂടെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 0481 2576622.

5. **കാർഷിക നിർദ്ദേശം - പച്ചക്കറി** -- അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്ന സാഹചര്യത്തിൽ വിവിധ പച്ചക്കറി വിളകളിൽ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളുടെ ആക്രമണം കൂടാൻ സാധ്യതയുള്ളതിനാൽ ആഴ്ചയിലൊരിക്കൽ വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക.

**മൃഗസംരക്ഷണ നിർദ്ദേശം - കന്നുകാലി** തൊഴുത്തിന്റെ മേൽക്കൂരയ്ക്ക് മുകളിൽ ചാക്ക്, വൈക്കോൽ എന്നിവ നിരത്തി വെള്ളം തളിക്കുന്നത് ചൂടുകുറയ്ക്കാൻ സഹായിക്കും. തൊഴുത്തിനു ചുറ്റും തണൽ മരങ്ങൾ വച്ചു പിടിപ്പിക്കണം. ദിവസേന ഒന്നോ രണ്ടോ പ്രാവശ്യം പശുക്കളെ കുളിപ്പിക്കുന്നതും നല്ലതാണ്. വെയിൽ കൂടിയ സമയങ്ങളിൽ അതായത് രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ വെയിലത്ത് കെട്ടിയിടരുത്. വേനൽക്കാലത്ത് പശുക്കൾക്ക് ആവശ്യമായ വെള്ളത്തിന്റെ അളവിൽ ഒന്നു മുതൽ രണ്ട് മടങ്ങു വരെ വർദ്ധന വരുത്തണം..